# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1863** **04.12.2018 ൽ മറുപടിയ്ക്ക്**

**എസ്.ടി. എ. യുടെ വിദഗ്ധ സമിതി നൽകിയ നിർദ്ദേശങ്ങൾ**

| | ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗതാഗതക്കുരുക്കും റോഡുകളുടെ ശോച്യാവസ്ഥയും പരിഗണിച്ച് ബസ്സുകളുടെ യാത്രാസമയം ക്രമീകരിക്കണമെന്ന നിർദ്ദേശം എസ്.ടി. എ. യുടെ വിദഗ്ധ സമിതി നൽകിയിട്ടുണ്ടോ; ഇതുൾപ്പെടെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമിതി സമർപ്പിച്ചിട്ടുള്ളത്; | (എ) | അമിത വേഗത മൂലം വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കുറയ്ക്കുവാൻ വേണ്ടിയാണ് സംസ്ഥാനത്തെ സ്റ്റേജ് കാരിയേജുകളുടെ സമയക്രമം ഏകീകരിക്കുവാൻ തീരുമാനമായത്. വിവിധ RTA കളുടെ കീഴിൽ വിവിധ സമയക്രമം നിലവിലുണ്ടായിരുന്നതിനാൽ ഈ വിഷയത്തിൽ ഇറക്കിയ വിവിധ സർക്കുലറുകൾ അപ്രായോഗികമായതു മൂലം മോട്ടോർ വാഹന വകുപ്പിന്റെ Research & Development Team നടത്തിയ പഠനത്തെ തുടർന്ന് താഴെ പറയുന്ന അടിസ്ഥാന വിഷയങ്ങളെ കുറിച്ചുള്ള ഒരു വിശകലനമാണ് മോട്ടോർവാഹന വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്.<br><br>1. റോഡിന്റെയും പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ<br>2. പ്രാദേശിക ആവശ്യവും സാഹചര്യങ്ങളും<br>3. ഓരോ ബസ് റൂട്ടിലുമുള്ള ബസ് സ്റ്റോപ്പുകളുടെ എണ്ണം<br>4. റോഡിന്റെ വീതിയും ട്രാഫിക് നിരകളും<br>5. സ്റ്റേജ് കാരിയേജുകളുടെ തരം<br>6. നിയമ നിർമ്മാണത്തിലെ മാറ്റങ്ങൾ |
| (ബി) | പ്രസ്തുത നിർദേശങ്ങളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (ബി) | ടി നിർദ്ദേശങ്ങളെ എസ്.റ്റി.എ യോഗത്തിൽ വച്ച് പരിഗണിച്ചു. നിലവിൽ 21.04.2018 -ലെ എസ്.റ്റി.എ യോഗത്തിൽ തീരുമാനിച്ച പ്രകാരമുള്ള സമയ ക്രമത്തിലാണ് സംസ്ഥാനത്തെ സ്റ്റേജ് കാരിയേജുകൾ സർവീസ് നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**